യാഗസമാനമായ

സമർപ്പണം

ഒരു തുടർപഠനം..... 1 ▶▶▶




http://theendtimenews.com/

HARVESTING SOULS MISSION

ദി എൻഡ് ടൈം ന്യൂസ്

ദി വേക്ക് അപ്പ് കോൾ

VOL. 02 ISSUE - 16 CHRISTIAN NEWSPAPER PAGES 12 MARCH 2019


# ഏപ്രിൽ 30 ന് ഐ.പി.സി സംസ്ഥാന ജനറൽബോഡി




**കുമ്പനാട്:** ഇന്ത്യാ പെന്തക്കോസ്ത് ദൈവസഭയുടെ ഏറ്റവും വലിയ സംസ്ഥാന ഘടകമായ കേരള കൗൺസിൽ ഭാരവാഹികളെ തെരഞ്ഞെടുക്കുന്നതിനുള്ള പൊതുയോഗം ഏപ്രിൽ 30 ന് രാവിലെ 9 മുതൽ കുമ്പനാട് ഹെബ്രോൻപുരത്ത് നടക്കും. തുടർന്ന് കേരളത്തിലെ 11 നിയോജക മണ്ഡലങ്ങളിൽ വെച്ച് വോട്ടെടുപ്പ് നടക്കും. ഫെബ്രുവരി 12ന് കുമ്പനാടു നടന്ന സ്റ്റേറ്റ് കൗൺസിലാണ് പൊതുയോഗത്തിന്റെ തീയതി പ്രഖ്യാപിച്ചത്. തെരഞ്ഞെടുപ്പ് കമ്മീഷണറായി ജോൺ തോമസ് ചുമതല ഏറ്റെടുത്തു. അദ്ദേഹം മറ്റു നിയോജക മണ്ഡലങ്ങളിലുള്ള തെരഞ്ഞെടുപ്പു തീയതി തീരുമാനിക്കും.

അടുത്ത മൂന്നു വർഷത്തേയ്ക്കുള്ള സംസ്ഥാന ഭാരവാഹികളെയും കേരളത്തിൽ നിന്നുള്ള ജനറൽ കൗൺസിൽ അംഗങ്ങളെയും നിയോജക മണ്ഡലങ്ങളിൽ നടക്കുന്ന വോട്ടെടുപ്പിലൂടെ തെരഞ്ഞെടുക്കും. വോട്ടർപട്ടിക തയ്യാറാക്കുന്നതിനുള്ള നടപടിക്രമങ്ങൾ ആരംഭിച്ചു. മാർച്ച് 30 ന് മുമ്പ് അന്തിമ വോട്ടർ പട്ടിക പ്രസിദ്ധീകരിക്കുമെന്ന് കരുതുന്നു. കേരളത്തിലെ മൂവായിരത്തോളം പ്രാദേശിക സഭകളിൽ നിന്നായി ആരായിരത്തിലധികം പ്രതിനിധികൾ വിവിധ നിയോജക മണ്ഡലങ്ങളിൽ വോട്ടർമാരായി എത്തും. തെരഞ്ഞെടുപ്പ് തീയതി പ്രഖ്യാപിച്ചതോടെ സ്ഥാനാർത്ഥികൾ പ്രചരണ പ്രവർത്തനങ്ങളിൽ സജീവമായി.

# എ.ജി സഭാഹാൾ അഗ്നിക്കിരയാക്കിയാസംഭവത്തിൽ ബി.ജെ.പി പ്രവർത്തകൻ പോലീസ് പിടിയിലായി.





**ആര്യനാട്:** അസംബ്ലീസ് ഓഫ് ഗോഡ് വെള്ളറട സെക്ഷനിലെ പെരെക്കോണം സഭ തീവച്ചു നശിപ്പിച്ചു. ഫെബ്രുവരി 27 നു പുലർച്ചെ ആയിരുന്നു കേസിനാസ്പദമായ സംഭവം നടന്നത്. നിർമ്മാണം പൂർത്താകരിച്ചിട്ടില്ലാത്ത സഭയുടെ പൂട്ട് കുത്തി പൊളിച്ചു അകത്തു കടന്ന അക്രമികൾ നിർമ്മാണ സാമഗ്രികൾ, പായ്, കസേരകൾ എന്നിവ തീയിട്ടു നശിപ്പിക്കുകയായിരുന്നു. തീ പടർന്നു കത്തുന്നതു കണ്ട നാട്ടുകാർ സഭാ ശുശ്രൂഷകൻ പാസ്റ്റർ കെ. രാജനെ വിവരമറിയിക്കുകയും തുടർന്ന് നാട്ടുകാരുടെ സഹായത്തോടെ തീ അണക്കുകയായിരുന്നു. പരാതിയെ തുടർന്ന് പോലീസ് സംഭവസ്ഥലത്ത് എത്തുകയും കേസ് രജിസ്റ്റർ ചെയ്തു അന്വേഷണം ആരംഭിക്കുകയും ചെയ്തു. പോലീസ് അന്വേഷണത്തിൽ ബി.ജെ.പി പ്രവർത്തകനും ബി.എം.എസ് യൂണിയൻ അംഗവുമായ പ്രദേശവാസി ചന്ദ്രബാബു പോലീസ് പിടിയിലായി. സംഘപരിവാർ സംഘടനയാണ് തീകത്തിക്കലിനു പിന്നിലെന്ന് ആരോപണം ഉയർന്നിരുന്നു. രണ്ടു ലക്ഷം രൂപ വില വരുന്ന തടി ഉരുപ്പടികളാണ് പൂർണ്ണമായും കത്തി നശിച്ചത്. കൂടാതെ പള്ളിയും ഭാഗികമായി കത്തി. പള്ളിയുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് സംഘപരിവാർ സംഘടനകൾ കോടതിയെ സമീപിച്ചിരുന്നു. അതുകൊണ്ടു തീ കത്തിച്ചതിനു പിന്നിൽ സംഘപരിവാറുകാരാണെന്ന ആരോപണം നിൽക്കെയാണ് ബി.ജെ.പി പ്രവർത്തകൻ പിടിലായിരിക്കുന്നത്. സംഭവത്തിൽ പ്രതിഷേധിച്ച് അസംബ്ലീസ് ഓഫ് ഗോഡ് ദക്ഷിണ മേഖയുടെ നേതൃത്വത്തിൽ മാർച്ച് 3 നു പേരെക്കോണത്ത് പ്രതിഷേധ യോഗം സംഘടിപ്പിച്ചിരുന്നു. പാസ്റ്റർ കെ.വൈ.വിൽഫ്രഡ് രാജ് അദ്ധ്യക്ഷത വഹിച്ചു. പാസ്റ്റർ എ.രാജൻ യോഗം ഉദ്ഘാടനം ചെയ്തു. പാസ്റ്റർ ജെയ്സ് പാണ്ടനാട് പ്രഭാഷണം നടത്തി. വിവിധ പെന്തക്കോസ്ത് സംഘടന നേതാക്കൾ പ്രസംഗിച്ചു. ജനപങ്കാളിത്തം കൊണ്ട് യോഗം ഏറെ ശ്രദ്ധേയമായി. പ്രതിയെ നെയ്യാറ്റിൻകര കോടതി റിമാൻഡ് ചെയ്തു.

THE END TIME NEWS
VOICE OF HARVESTING SOULS MISSION






EDITORIAL BOARD

**CHIEF EDITOR**
Baiju Yacob Edavila

**SUB EDITOR**
Manuel Joseph
Daniel Jacob

**EDITORS**
Pastor A Anilkumar
Rev. Joseph chacko
Sis.Sherly

**MANAGER**
Bovas Sreekaryam

**CO-ORDINATORS**
John Francis (Dallas)
Syam
Sis.Saritha
Sis.Simi
Sis.Lesley Yacob

**REPORTERS**
Miniesh Kumar(Baharin)
Pastor Stephen (Andrapradesh)

**ADVISORY BOARD**
Pastor Shibu Thomas USA
Pastor Asokan Eranakulam
M.Jacob Thiruvananthapuram

INDIA
VRA-402,Vikasnagar
Sreekariyam p.o.
Thiruvanthapuram.695017
Kerala
9526650511

# 14 ജൂൺ 2006 സ്റ്റീഫൻ ഹോക്കിൻസ്

പുതിയ പുതിയ മരുന്നുകൾ വിപണിയിൽ വരുന്നെങ്കിലും അതിനേക്കാൾ അപകടകാരികളായ പുതിയ രോഗങ്ങളും മനുഷ്യനെ വേട്ടയാടപ്പെട്ടുകൊണ്ടിരിക്കുന്നു. അതായത് ഈ ഭൂതലം മനുഷ്യവാസത്തിന് അനുയോജ്യമല്ലാത്ത അവസ്ഥ. ഈ അവസ്ഥയെ ശാസ്ത്രലോകം ഭീതിയോടെയാണ് നോക്കിക്കാണുന്നത്, ആദരണീയനായ ശാസ്ത്രജ്ഞൻ സ്റ്റീഫൻ ഹോക്കിൻസ് 2006 ജൂൺ 13-ാം തീയതി പറഞ്ഞതും 14-ാം തീയതി അസ്സോസിയേറ്റഡ് പ്രസ് മുഴുലോകത്തെയും വിളിച്ചറിയിച്ചതുമായ സംഭ്രമജനകമായ വാർത്ത ഇതായിരുന്നു.
“Life on earth is at the increasingrisk of being wiped out by a disaster such as sudden globsl warning unclear war, genetically engineered virus or other dangers, we have not yet thought off” (ഭൂമിയിലെ മനുഷ്യജീവിതം മുമ്പത്തെക്കാളുപരി അപകടത്തിലായിരിക്കുന്നു. ആഗോള താപന വർദ്ധനയോ, ആണവയുദ്ധത്താലോ, പുതുതായി രൂപപ്പെടുന്ന വൈറസുകളാലോ നാം ഇതുവരെ ചിന്തിച്ചിട്ടില്ലാത്ത മറ്റേതെങ്കിലും ദുരന്തത്താലോ ഭൂമി തുടച്ചു നീക്കപ്പെടും)(The post tribune, 14th june 2006).

ഇത്തരത്തിൽ വർദ്ധിച്ചുകൊണ്ടിരിക്കുന്ന പ്രതിഭാസങ്ങളിൽ നിന്ന് ലോകത്തെ രക്ഷിപ്പാൻ ആർക്ക് കഴിയും? യേശുക്രിസ്തുവിന്റെ രണ്ടാം വരവിന് മാത്രമെ ഇതിന് പരിഹാരം ഉണ്ടാകുകയുള്ളൂ. ഇതൊക്കെ തന്നെ അതിന് മുന്നോടിയും.



*ബൈജു യാക്കോബ്*
*ഇടവിള*

THE ENDTIME NEWS
Available on the iPhone App Store
ANDROID APP ON Google play




**Disclaimer**
The views expressed in this online newspaper are those of the authors and do not necessarily reflect the position of HSM End Time News. The online newspaper will not bear any responsibility whatsoever for them. The images used in the newspaper have been downloaded from the Internet and we acknowledge that the copyright of those images remain with the original owners. HSM End Time News does not claim any copyright for them and does not intend to use them for commercial purposes.

THE END TIME NEWS
VOICE OF HARVESTING SOULS MISSION






ഡോ.ഒ.ജെ.ജോൺ

# ബൈബിൾ കാലഘട്ടത്തിന്റെ അനിവാര്യത.

ദൈവവചനത്തോട് ആധുനിക തലമുറയിൽപ്പെട്ടവർ കാണിക്കുന്ന വിപ്രതിപത്തി; അതിന്റെ ഫലമായി ആധുനിക മനുഷ്യനു സംഭവിക്കുന്ന അപചയം- ഇതാണ് ഇന്നിന്റെ ആത്മീയാധ:പതനത്തിന്റെ നിദാനം.

ബൈബിൾ വായനയിലും അതിന്റെ ആവിഷ്കരണത്തിലും ഉണ്ടായ പരാജയം തലമുറകളിൽ ബാധിച്ച ആത്മീയ മരവിപ്പിന്റെ പ്രതിഫലനമാണ് ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നത്. വാർത്താ വിനിമയ പ്രക്ഷേപണത്തിലും ന്യൂതനമായ രചനാസങ്കേതങ്ങളിലും ചരിത്രാവലോകനത്തിലും അടിസ്ഥാനപരമായി മാറ്റത്തിന്റെ മാറ്റൊലികൾ പ്രകടമാണ്. അതിനാൽ ബൈബിൾ ഏറ്റവും പ്രധാനപ്പെട്ടതായിരിക്കുന്നതെന്തു കൊണ്ടെന്ന് നമുക്ക് വിലയിരുത്താം.

സ്മിത്ത് വിഗ്ഗിൻസ്വർത്തു പറഞ്ഞു: ദൈവവചനം ഉദ്ഭവത്തിൽ പ്രകൃത്യാതീതവും, കാലദൈർഘ്യത്തിൽ അനശ്വരവും, വീര്യത്തിൽ അവാച്യവും, ലക്ഷ്യത്തിൽ അപരിമേയവും, ശക്തിയിൽ പ്രത്യുൽപന്ന പരവും, ആധികാരികതയിൽ അപ്രമാദിത്വവും, പ്രയോഗത്തിൽ സാർവ്വത്രികവും, സമ്പൂർണ്ണമായി ദൈവാത്മാശ്വാസീയവുമാണ്.

ബൈബിൾ സമ്പൂർണ്ണമായി വായിക്കുക, ധ്യാനിക്കുക, അതിന്റെ നിയോഗപ്രകാരം പ്രാർത്ഥിക്കുക, അതിന്റെ ആജ്ഞകൾ പ്രായോഗികമാക്കുക, അതിലെ സത്യങ്ങൾ പ്രചാരത്തിലാക്കുക. ഇതാണ് ഓതോ വിശ്വാസിയിൽ നിന്ന് ദൈവം പ്രതീക്ഷിക്കുന്നത്. ദൈവം സ്വയം വെളിപ്പെടുത്തിയിരിക്കുന്നത് ബൈബിളിലൂടെയാണ്; ദൈവത്തെക്കുറിച്ച് നാം അറിയേണ്ടതിന്റെയെല്ലാം വഴികാട്ടിയുമാണിത്.

ജോൺ വെസ്ലി പറഞ്ഞു.......ഞാൻ ഒരു കാര്യം അറിയാൻ ആഗ്രഹിക്കുന്നു, സ്വർഗത്തിലേക്കുള്ള വഴി ആ ശോഭന തീരത്ത് എങ്ങനെയാണ് സുരക്ഷിതനായി എത്തിച്ചേരുന്നത്! അതിനുള്ള മാർഗം ഉപദേശിക്കുന്നതിനായി ദൈവം തന്നെ അവതീർണ്ണനാകുവാൻ നിശ്ചയിക്കുകയായിരുന്നു. ഈ ഒരു ലക്ഷ്യ സാക്ഷാത്കാരത്തിനായി അവൻ സ്വർഗത്തിൽ നിന്നും അവരോഹണം ചെയ്യുകയായിരുന്നു. ഹാ!ആ ഗ്രന്ഥം എനിക്ക് തരിക!എത്രമാത്രം വിലയുള്ളതാണെങ്കിലും ദൈവത്തിന്റെ പുസ്തകം എനിക്ക് വേണം. എന്തുകൊണ്ടാണ് ബൈബിൾ പരമമായ സത്യഗ്രന്ഥമെന്ന് പറയുന്നത്? ഈ പുസ്തകത്തിലെ തന്നെ തെളിവുകളും ബാഹ്യമായ സ്ഥിരീകരണങ്ങളും ഏതൊരു സത്യാമ്പേഷിയെയും ബോധ്യപ്പെടുത്തുവാൻ പര്യാപ്തമാണ്. ഒന്ന്, ബൈബിൾ ദൈവാത്മാനിവേശിതമാണ്.

വിശുദ്ധലിഖിതങ്ങളെല്ലാം ദൈവശ്വാസീയമാകയാൽ ദൈവത്തിന്റെ നമുഷ്യൻ എല്ലാ സൽപ്രവർത്തികളിലും തികഞ്ഞവനാകേണ്ടതിന് ഉപദേശത്തിനും ശാസനത്തിനും തെറ്റു തിരുത്തലിനും നീതിയുടെ പരിശീലനത്തിനും ഉപകരിക്കുന്നു(2തിമോ3:15,16) വിശുദ്ധലിഖിതങ്ങളിലെ പ്രവചനങ്ങളൊന്നും ഒരാൾക്ക് സ്വയം വ്യാഖ്യാനിക്കാനുള്ള കാര്യമല്ലെന്ന് നിങ്ങൾ ആദ്യമെ മനസ്സിലാക്കണം. മാനുഷിക പ്രചോദനത്തിൽ നിന്നും ഉണ്ടായതല്ല ഒരു പ്രവചനവും. പരിശുദ്ധാത്മാവിനാൽ പ്രചോദിതരായ മനുഷ്യർ ദൈവത്തിൽ നിന്നും സംസാരിക്കുന്നതാണ് പ്രവചനം(2പത്രോസ്1:20,21)

ദൈവം ഇപ്രകാരം അരുളിച്ചെയ്യുന്നു..... ദൈവം കൽപ്പിക്കുന്നു....ദൈവ

തുടർച്ച 04പേജിൽ

## തമിഴ്നാട്ടിൽ ലോക്സഭാ തിരഞ്ഞെടുപ്പ് പെസഹാ വ്യാഴത്തിന് ; തിയതി മാറ്റണമെന്ന് തമിഴ്നാട് ബിഷപ്പ് കൗൺസിൽ

തമിഴ്നാട്ടിൽ തിരഞ്ഞെടുപ്പ് പ്രഖ്യാപിച്ചിരിക്കുന്നത് ഏപ്രിൽ 18 നാണ് അന്ന് ക്രിസ്തീയ വിശ്വാസപ്രകാരമുള്ള പെസഹാവ്യാഴവും ആണ്. ആ ദിവസം ക്രിസ്ത്യൻ സമൂഹത്തിന് വോട്ട് ചെയ്യാൻ എത്തുന്നതിന് ബുദ്ധിമുട്ടാകും. അതിനാൽ തിയതി മാറ്റണമെന്നാവശ്യപ്പെട്ട് തമിഴ്നാട് ബിഷപ്പ് കൗൺസിൽ സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷണർക്ക് കത്തയച്ചു. പെസഹായ്ക്ക് വോട്ടെടുപ്പ് വെച്ചാൽ തെരഞ്ഞെടുപ്പു ജോലിയിലുള്ള ക്രിസ്ത്യൻ വിശ്വാസികൾക്ക് മതപരമായ ചടങ്ങുകൾക്ക് പങ്കെടുക്കാൻ ബുദ്ധിമുട്ടാകും. അതുകൊണ്ട് തമിഴ്നാട്ടിലും, പുതുച്ചേരിയിലും തെരഞ്ഞെടുപ്പ് തിയതി മാറ്റുവാൻ റവ. ഫാ.ഡോ. ആന്റണി പാപ്പുസ്വാമിയാണ് കത്തയച്ചത്. എന്നാൽ തിരഞ്ഞെടുപ്പ് കമ്മീഷണർ മറുപടി നൽകിയിട്ടില്ല.

03-ാം പേജ് തുടർച്ച

ത്തിന്റെ അരുളപ്പാട് ഇത്യാദി പ്രഖ്യാപനങ്ങൾ ലോകത്തിലെ ഇതര ഗ്രന്ഥങ്ങളിൽ കാണാനാവില്ല. എന്നാൽ ഇത്തരത്തിലുള്ള പ്രസ്താവനകൾ 3125 പ്രാവശ്യം ബൈബിളിലുണ്ട്. ഇത് ബൈബിളിന്റെ അപ്രമാദിത്വത്തിനും ആധികാരികതയ്ക്കും നിദാനമാണ്. യുക്തി അടിസ്ഥാനമാക്കിയ വാദഗതിയിൽ നിന്ന് ഒരു കാര്യം നിശ്ചയിക്കുവാനാകില്ല. എന്നാൽ, ദൈവം ഒരു കാര്യം ശരിയാണെന്ന് പ്രഖ്യാപിച്ചാൽ അതു ശരി തന്നെയാണ് മാർട്ടിൻ ലൂഥർ പറഞ്ഞിട്ടുള്ളത് സമുചിതം തന്നെ. മനുഷ്യ നിർമ്മിതിയാണ് ബൈബിലെന്ന് അനേകരും ആക്ഷേപിക്കുപകയുണ്ടായി. എന്നാൽ ഇതിന്റെ 24000 കയ്യെഴുത്തു പ്രതികൾ തലമുറകളായി മാറ്റമില്ലാതെ തുടരുകയാണെന്നുള്ളത് എത്ര അത്ഭുതം! ഇത്രമാത്രം വിപുലമായ ആധികാരിക രേഖകൾ മറ്റൊരു ഗ്രന്ഥത്തിനും അവകാശപ്പെടാനില്ല. ഹോമറിന്റെ ഇലിയഡ് മാത്രമാണ് ഇതിനോട് അടുത്തു നിൽക്കുന്ന പുസ്തകം. പക്ഷേ അതിന്റെ കയ്യെഴുത്തു പ്രതികൾ 643 മാത്രം. ബ്രിട്ടീഷ് മ്യൂസിയം ഡയറക്ടർ സർ ഫ്രഡറിക് കെൻയോൻ പറഞ്ഞു. തിരുവെഴുത്തുകൾ എഴുതപ്പെട്ട സ്ഥിതിയിൽ തന്നെ നമ്മുടെ കൈകളിലേക്ക് വന്നിട്ടുണ്ടോ എന്നത് സംബന്ധിച്ച് നിലനിന്നിരുന്ന സംശയത്തിന്റെ അവസാനത്തെ അടിസ്ഥാനം പോലും നിഷ്പ്രഭമായിപ്പോയി. പുതിയനിയമത്തിന്റെ ആധികാരികതയോടൊപ്പം അതിന്റെ സമഗ്രതയും ഇപ്പോൾ ശക്തമായി സ്ഥിരീകരിക്കപ്പെട്ടതായി കണക്കാക്കാവുന്നതാണ്.

*തുടരും.....*

## വനിതകൾക്ക് പ്രാതിനിധ്യം നൽകിക്കൊണ്ട് പെന്തക്കോസ്തൽ യൂത്ത് കോൺഫ്രൻസ് പിവൈസിഡി

ഡാളസിലെ 39 സഭകളുടെ കൂട്ടായ്മയായ പിവൈസിഡിയുടെ 37 മത് ഭരണസമിതി തിരഞ്ഞെടുക്കപ്പെട്ടു. യു എസ് പെന്തക്കോസ്തൽ ചർച്ചിന്റെ പാസ്റ്റർ റോയ് മാത്യൂ (പ്രസിഡന്റ്) ടൈറ്റസ് തോമസ് (കോ ഓർഡിനേറ്റർ) ബ്ലസ്സൻ അലക്സാണ്ടർ (ട്രഷറർ) ഫ്ളോസി ജോൺസൺ (അസോസിയേറ്റ് കോ ഓർഡിനേറ്റർ) സിൽവിയ സജു (മീഡിയ കോഓർഡിനേറ്റർ) സാം തോമസ് (മ്യൂസിക് കോഓർഡിനേറ്റർ) ജെറി ചിറമേൽ (സ്പോർട്സ് കോഓർഡിനേറ്റർ) അനീഷ് മാത്യൂ (ഓഡിറ്റർ) അലിസൺ ജോർജ്ജ്, ജെസി തോമസ്, പാസ്റ്റർ ജോൺ എബ്രഹാം, പാസ്റ്റർ സാലു ദാനിയേൽ, തോമസ് മാമൻ, റോണി വർഗീസ് (ബോർഡ് അംഗങ്ങൾ) സ്ത്രീകൾക്ക് പ്രാതിനിധ്യം നൽകികൊണ്ടുള്ള പുതിയ സമിതി ചുമതലയേറ്റ് പ്രവർത്തനം ആരംഭിച്ചു.

## ചർച്ച് ആക്ട് നടപ്പാക്കാൻ ആലോചനയില്ല : മുഖ്യമന്ത്രി



ചർച്ച് ആക്ട് നടപ്പാക്കാൻ സർക്കാർ ആലോചിച്ചിട്ടില്ലെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. കഴിഞ്ഞ ഇടതു സർക്കാറിന്റെ കാലത്ത് നിയമ പരിഷ്ക്കരണ കമ്മീഷൻ ചെയർമാനായിരുന്ന ജസ്റ്റീസ് വി ആർ കൃ.ഷ്ണയ്യർ തയ്യാറാക്കിയതാണ് ചർച്ച് ആക്ട്. അന്ന് അത് പരിശോധിച്ച ഇടതുമുന്നണി നടപ്പിലാക്കേണ്ടതില്ലെന്ന് തീരുമാനിച്ചതാണ്. ഇപ്പോഴും ചർച്ച് ആക്ട് നടപ്പാക്കുന്നതു സംബന്ധിച്ച് ഇടതുമുന്നണിയോ, സർക്കാരോ ആലോചിച്ചിട്ടില്ല എന്നു ആദ്ദേഹം പറഞ്ഞു. ചർച്ച് ആക്ടിന്റെ പേരിൽ സർക്കാരിനെതിരേ തെറ്റിദ്ധാരണപരമായ പ്രചാരണങ്ങളാണ് നടക്കുന്നത്. മുഖ്യമന്ത്രിയുടെ നിലപാട് സ്വാഗതാർഹമാണെന്നും ക്രൈസ്തവ സമൂഹത്തിന്റെ ആശങ്കകൾ പരിഹരിക്കുന്നതിന് ഇത് ഉപകാരപ്രദമാണെന്നും കത്തോലിക്ക കോൺഗ്രസ് ഗ്ലോബൽ സമിതി പ്രസിഡന്റ് അഡ്വ. ബിജു പറയന്നിലം പറഞ്ഞു.

## ചൈനയിൽ ഇനി ജോലിയിൽ പ്രവേശിക്കും മുമ്പ് 'നോ ഫെയ്ത്ത് കമ്മിറ്റ്മെന്റ്' കരാറിൽ ഒപ്പു വെയ്ക്കണം.

രാജ്യത്ത് മതവിശ്വാസികൾ പെരുകുന്നത് തടയുന്നതിനായി പുതിയ തന്ത്രവുമായി ചൈനഭരണകൂടം. ഏതെങ്കിലും സ്ഥാപനത്തിൽ ജോലിയിൽ പ്രവേശിക്കും മുമ്പ് 'നോ ഫെയ്ത്ത് കമ്മിറ്റ്മെന്റ്' കരാറിൽ ഒപ്പു വെയ്ക്കണം. ജോലി വേണമെങ്കിൽ വിശ്വാസം ഉപേക്ഷിക്കണം എന്ന നിലയിലേയ്ക്കാണ് സർക്കാർ നടപടികൾ നീങ്ങുന്നതെന്ന് പുതിയ റിപ്പോർട്ടുകൾ.ക്രൈസ്തവ വിശ്വാസം വളരുന്നതിന് തടയിടുക എന്നതാണ് ലക്ഷ്യം. ദീർഘവർ.ഷങ്ങളായി ചെയ്തു വരുന്ന ജോലിപോലും ഇല്ലാതാവുമെന്നും, പിന്നീട് ജോലിക്ക് ബുദ്ധിമുട്ടുണ്ടാകുമെന്നും ഇത് സംബന്ധിച്ച നിബന്ധനകളിൽ പറയുന്നു. വിശ്വാസ വിരുദ്ധ പ്രവർത്തനങ്ങളുടെ ഭാഗമായി രാജ്യത്തെ ഒരു ഗ്രാമത്തിലെ കിന്റർഗാർട്ടനിലെ കുട്ടികൾ ദൈവനിന്ദാ കരാറിൽ ഒപ്പു വെയ്ക്കണമെന്ന വിവാദ തീരുമാനം വന്നതിന് പിന്നാലെയാണ് പുതിയ നീക്കം.ജീവിതപ്രാരാബ്ധങ്ങൾ മൂലം മതമില്ലാത്തവരായി ജീവിക്കുവാൻ പുതുതലമുറ തയ്യാറാകുമെന്നും ഭരണകൂടം കണക്കുകൂട്ടുന്നു. കൂടാതെ ക്രൈസ്തവരായ ഉദ്യോഗസ്ഥരെ മതിയായ കാരണങ്ങളില്ലാതെ ജോലിയിൽ നിന്നും പിരിച്ചുവിടുന്നതും പതിവായിരിക്കുന്നു. ക്രൈസ്തവ ശുശ്രൂഷകരേയും, വിശ്വാസികളേയും തട്ടിക്കൊണ്ടുപോകുന്നതും തടങ്കലിൽ പാർപ്പിക്കുന്നതും സാധാരണമായി. എന്നിട്ടും ക്രൈസ്തവ വിശ്വാസികളുടെ എണ്ണം വർദ്ധിക്കുന്നതായാണ് കണക്ക്.

# ഒക്കലഹോമയിൽ മാർച്ച് 31 ന് ഐപിസി കുടുംബ സംഗമവും സംഗീതവിരുന്നും




ഫ്ളോറിഡയിലെ ഓർലന്റോ സിറ്റിയിൽ 2019 ജൂലൈ 25 മുതൽ 28 വരെ നടത്തപ്പെടുന്ന 17 മത് നോർത്ത് അമേരിക്കൻ ഐപിസി കുടുംബ സംഗമത്തിന്റെ പ്രമോഷണൽ യോഗവും സംഗീത ശുശ്രൂഷയും മാർച്ച് 31 വൈകിട്ട് 5.30 ന് ഒക്കലഹോമ ഫസ്റ്റ് ഐപിസി സഭയിൽ വെച്ച് നടത്തപ്പെടുന്നു. പാസ്റ്റർ ഷിബു തോമസ് ദൈവ വചനം പ്രസംഗിക്കും. ഒക്കലഹോമ സിറ്റി ക്വയർ സംഗീത ശുശ്രൂഷയ്ക്ക് നേതൃത്വം നൽകും.

കോൺഫ്രൻസിന്റെ ഇതുവരെയുള്ള പ്രവർത്തനത്തെക്കുറിച്ച് ദേശീയ ഭാരവാഹികൾ സംസാരിക്കും.എല്ലാ വ്യാഴാഴ്ചയും 9 തൊട്ട് 10 വരെ പ്രത്യേക പ്രാർത്ഥനയ്ക്കായി വേർതിരിച്ചിട്ടുണ്ട്. വിശദ വിവരങ്ങൾക്കും രജിസ്ട്രേഷനും www.ipcfamilyconference.org ഈ വെബ്സൈറ്റ് സന്ദർശിക്കുക.

# സി ഇ എം പുതിയ ഭാരവാഹികളെ തിരഞ്ഞെടുത്തു.

ശാരോൺ ഫെലോഷിപ്പ് ചർച്ചിന്റെ പുത്രികാ സംഘടനയായ ക്രിസ്റ്റ്യൻ ഇവാഞ്ചലിക്കൽ മൂവ്മെന്റ് 2019-2021 വർഷത്തേയ്ക്കുള്ള ജനറൽ എക്സിക്യൂട്ടീവ് ഭാരവാഹികളെ തിരഞ്ഞെടുത്തു. പാസ്റ്റർ സോവി മാത്യൂ (ജനറൽ പ്രസിഡന്റ്) പാസ്റ്റർ രാജീവ് ജി (സീനിയർ വൈസ് പ്രസിഡന്റ്) പാസ്റ്റർ ബിനു എബ്രഹാം (ജൂനിയർ വൈസ് പ്രസിഡന്റ്) പാസ്റ്റർ ജോമോൻ ജോസഫ് (ജനറൽ സെക്രട്ടറി) ഇവാ. എബി ബേബി (ട്രഷറാർ) അജിത് ജോർജ്ജ് (അസ്സോ. സെക്രട്ടറി) പാസ്റ്റർ സാംകുട്ടി ജോൺ (അസ്സോ. ട്രഷറാർ) പാസ്റ്റർ ഹാബേൽ പി ജെ (മെമ്പർഷിപ്പ്) പാസ്റ്റർ സജി ജോൺസൺ (താലന്തു പരിശോധന) ബിജു നൈനാൻ (പബ്ലിസിറ്റി) പാസ്റ്റർ സജു പുന്നൂസ് (മീഡിയ) പാസ്റ്റർ ജോസ് ജോർജ്ജ് (ലിറ്ററേച്ചർ) പാസ്റ്റർ സാംസൺ തോമസ് (ജനറൽ കോർഡിനേറ്റർ) പാസ്റ്റർ സുരേഷ്കുമാർ ആർ പി (ഫിനാൻസ് ക്യാമ്പയിൻ സെക്രട്ടറി) എന്നിവരാണ് പുതിയ ഭാരവാഹികൾ.

# 15 മാസത്തെ ജയിൽ ശിക്ഷയ്ക്ക് ശേഷം സിനി മാത്യൂസ് ജയിൽ മോചിതയായി

2017 ഒക്ടോബർ 7 ന് നോർത്ത് ടെക്സാസിലെ ഭവനത്തിൽ നിന്നും മൂന്നുവയസ്സുകാരി ഷെറിൻ മാത്യൂവിനെ കാണാതാവുകയും പിന്നീട് ഒക്ടോബർ 22 ന് മരണപ്പെട്ട നിലയിൽ കണ്ടെത്തുകയും ചെയ്തതിന്റെ പേരിൽ കുലപാതക കുറ്റം ചുമത്തപ്പെട്ട് ഡാളസ് കൗണ്ടി ജയിലിൽ തടവിലായിരുന്ന



ഷെറിന്റെ വളർത്തു മാതാവ് സിനി മാത്യൂ 15 മാസത്തെ ജയിൽ ശിക്ഷയ്ക്ക് ശേഷം മാർച്ച് 1 ന് ജയിൽ മോചിതയായി. കേസിന്റെ പ്രോസിക്യൂട്ടർ ഡാളസ് കൗണ്ടി ഡിസ്ട്രിക്ട് അറ്റോർണി ഓഫീസിനു കേസിനു സംശയരഹിതമായ തെളിവുകൾ സമർപ്പിക്കുവാൻ കഴിയാത്തതിനാലാണു മുൻ വിധികൾ കൂടാതെ കേസ് തള്ളിക്കളയുവാൻ കേസ് വിസ്താരം കൈകാര്യം ചെയ്തിരുന്ന 282 ക്രിമിനൽ ഡിസ്ട്രിക്ട് കോടതിയിൽ രേഖാമൂലം അറിയിച്ചത്. കുറ്റം തെളിഞ്ഞാൽ 2 വർഷം മുതൽ 20 വർഷം വരെ ജയിൽശിക്ഷ ലഭിക്കാമായിരുന്ന ചൈൽഡ് എൻഡെയ്ഞ്ചർമെന്റ് കുറ്റാരോപിതയായ സിനിയുടെ കേസ് വിചാരണ അടുത്ത മാസം നടക്കുവാൻ ഇരിക്കവെയാണ് വാദിഭാഗം കേസ് ഡിസ്മിസ് ചെയ്യാനുള്ള നിർദ്ദേശം നൽകിയത് ജയിൽമോചിതയായ സിനി ഡിസ്ട്രിക്ട് അറ്റോർ ണി ഓഫീസിനു നന്ദി പറയുകയും തന്റെ മകള്മായി പുന:സംഗമിക്കുയാണ് അടുത്തലക്ഷ്യമെന്ന് മാധ്യമങ്ങളോട് പറഞ്ഞു ഷെറിൻ മാത്യുവിന്റെ കുലപാതക കുറ്റം ചുമത്തി വളർത്തച്ഛൻ വെസ്ലി മാത്യൂസ് ഇപ്പോഴും ഡാളസ് കൗണ്ടി ജയിലിലാണ്. ഈ കേസിന്റെ വിചാരണ 2019 മെയ് മാസത്തിൽ നടക്കുന്നതാണ്.

# ശാരോൺ കോൺഫ്രൻസ് ജൂലൈ 11 മുതൽ 14 വരെ

**ഡാളസ്:** നോർത്ത് അമേരിക്കൻ ശാരോൺ സഭകളുടെ പതിനേഴാമത് ദേശീയ സമ്മേളനം ജൂലൈ11 മുതൽ 14 വരെ ഡാളസിനു സമീപമുള്ള പ്ലേനോ ഗ്രാന്റ് സെന്ററിൽ നടക്കും. ഞങ്ങളോ ക്രൂശിക്കപ്പെട്ട ക്രിസ്തുവിനെ പ്രസംഗിക്കുന്നു.(1കൊരിന്ത്യർ1 :23) എന്നതാണ് ഈ വർഷത്തെ ചിന്താവിഷയം. പാ.പ്രിൻസ് തോമസ് റാന്നി, പാ.സിസിൽ മാത്യു, പാ.ഇലായ് ബോണില്ല, സി.റാണി മാണി മായാലിൽ എന്നിവരാണ് പ്രധാന പ്രസംഗകർ. ഇവരെ കൂടാതെ ശാരോൺ സഭകളിലെ മറ്റു പാസ്റ്റർമാരും വിവിധ പട്ടണങ്ങളിൽ നിന്നും ഇന്ത്യയിൽ നിന്നും കടന്നുവരുന്ന വിശ്വാസ സമൂഹത്തെ സ്വീകരിക്കാൻ ഡാളസ് പട്ടണം ഒരുങ്ങുകയായി മികച്ച താമസ സൗകര്യവും ഭക്ഷണങ്ങളുമാണ് ഈ വർഷം തയ്യാറാക്കുന്നത്. പാസ്റ്റർ ജോസഫ് ടി ജോസഫിന്റെ നേതൃത്വത്തിൽ ഇവാ.ജെയ് ജോൺ, റോയി കുര്യൻ, ജെഫ് വർഗീസ്, ബെഞ്ചമിൻ ജോസഫ്, ലീറോയ് സജി , പാ.വിത്സൺ ജോർജ്ജ്, മെർലിൻ ഡാനിയേൽ എന്നിവർ ഈ വർഷത്തെ യോഗങ്ങൾക്ക് നേതൃത്വം നൽകുന്നു.

# സായാഹ്ന തിയോളജിക്കൽ കൗൺസിലിംഗ് കോഴ്സ് പുതിയ ബാച്ച് ആരംഭിക്കുന്നു.

കോട്ടയം മനോരമയ്ക്ക് സമീപം ശാലോം കൗൺസിലിംഗ് & തിയോളജിക്കൽ സെന്ററിൽ ആസ്ക് കൗൺസിലിങ്ങ് ആന്റ് ട്രെയിനിംഗ് സെന്ററിന്റെ സഹകരണത്തോടെ നടത്തുന്ന സായാഹ്ന തിയോളജിക്കൽ ഡിപ്ലോമ കോഴ്സിന്റെ 23 മത് ബാച്ച് മാർച്ച് 7 ന് ആരംഭിക്കും. ക്രിസ്തീയ ശുശ്രൂഷകർ, അധ്യാപകർ, ആതുരസേവകർ, പ്രൊഫഷണൽസ്, ജോലിയിൽ നിന്നു വിരമിച്ചവർ, വീട്ടമ്മമാർ തുടങ്ങിയവർക്ക് പങ്കെടുക്കാം. വിശദ വിവരങ്ങൾക്ക് : 9349503660


THE ENDTIME NEWS

## വാമൊഴി




പാസ്റ്റർ പി.വി.എസ്, സിബിഡി.

- സ്ത്രീയെ സുന്ദരി ആക്കുന്നത് ദൈവമാണ് അതിസുന്ദരി ആക്കുന്നത് പിശാചും.
- നിന്റെ സമ്പത്ത് നിന്റേതാണെങ്കിൽ എന്തേ? നീ അത് മറുലോകത്തിലേക്ക് കൊണ്ടുപോകാത്തത്?
- നിങ്ങൾ ഒരു സമ്മാനം കൊടുത്താൽ ഒരിക്കലും അത് ഓർക്കരുത്, നിങ്ങൾക്ക് ഒരു സമ്മാനം കിട്ടിയാൽ അത് ഒരിക്കലും മറക്കരുത്.
- തനിക്കറിയാവുന്നത് മുഴുവൻ പറയുന്നവൻ അറിയാത്തതും പറയും
- നിങ്ങൾക്ക് ഇഷ്ടപ്പെടുന്നത് ചെയ്യുന്നതിലല്ല, ചെയ്യുന്നതിഷ്ടപ്പെടുന്നതിലാണ് സന്തോഷം കുടികൊള്ളുന്നത്.
- ഒരാളുടെ മുന്നിൽ നിങ്ങൾ സമർത്ഥനായിരിക്കാം പക്ഷേ എല്ലാവരുടെയും മുന്നിലും ആവില്ല.
- എന്തുചെയ്യണമെന്ന് സംശയം ഉള്ളപ്പോൾ ഒന്നും ചെയ്യാത്തവനാണ് ബുദ്ധിശാലി.
- ആത്മാർത്ഥത ഉള്ളവനേ ആത്മാർത്ഥത തിരിച്ചറിയാനാവൂ.
- മറ്റുള്ളവരെക്കാളും സമർത്ഥനാണ് താനെന്ന് സ്വയം ചിന്തിക്കലാണ് വഞ്ചിക്കപ്പെടാനുള്ള ഏറ്റവും സുനിശ്ചിത മാർഗം.
- സമ്പാദിക്കേണ്ടിടത്ത് ചിലവഴിക്കരുത് ചിലവഴിക്കേണ്ടിടത്ത് സമ്പാദിക്കരുത്.

07-ാം പേജ് തുടർച്ച

കൂടെ താലത്തിൽ കൈ മുക്കുന്ന സമയം ആയിരിക്കാം അപ്പോൾ എന്നിട്ടും യേശു പ്രതിവചിച്ചു. മനുഷ്യപുത്രനെ കാണിച്ച് കൊടുക്കുന്ന മനുഷ്യനോ ഹാ കഷ്ടം; ആ മനുഷ്യൻ ജനിക്കാതെയിരുന്നു എങ്കിൽ അവന് കൊള്ളായിരുന്നു.(മത്തായി26: 22-24)

യൂദായുടെ അന്ത്യസ്ഥിതി എന്തെന്ന് യേശു ആത്മാവിൽ കണ്ടു. യൂദായുടെ കണക്ക്കൂട്ടലുകൾ ഒന്നും നടക്കാതെ താൻ ഇപ്പോൾ വിശ്വസിച്ചിരിക്കുന്ന യെഹൂദാ പ്രമാണികൾ തന്നെ തള്ളിപ്പറയുന്നതും പിന്നീട് യൂദായുടെ ജീവിതത്തിൽ സംഭവിക്കാൻ പോകുന്ന അതിദാരുണമായ സംഭവം മുന്നിൽ കണ്ടുകൊണ്ടാണ് യേശു പ്രതിവചിച്ചത്. ആ മനുഷ്യന് അയ്യോ കഷ്ടം.....യൂദായുടെ ഉള്ളിൽ സാത്താൻ കടന്നത് യേശു കണ്ടു കാണും.

ദൈവപൈതലേ നീ ദൈവകൃപയിൽ നിന്ന് അകലുമ്പോൾ സാത്താന്റെ കൈയ്യിലെ ചട്ടുകം ആയി മാറുകയാണ്. ആയതിനാൽ നീ പിശാചിന് ഇടം കൊടുക്കരുത് അവനോട് എതിർത്ത് നിന്നാൽ അവൻ നിന്നെ വിട്ട് ഓടിപ്പോകും. ഗത്ശമന തോട്ടത്തിൽ യേശുവിന്റെ പ്രാർത്ഥന കഴിഞ്ഞപ്പോൾ വലിയ ഒരുകൂട്ടം ആളുകൾ വടിയും വാളും ആയി യേശുവിനെ തിരഞ്ഞു വരുന്നു. യൂദാ യേശുക്രിസ്തുവിനെ ചുംബിക്കാൻ വന്നപ്പോൾ മനുഷ്യപുത്രനെ ചുംബനം കൊണ്ടോ നീ ഒറ്റിക്കൊടുക്കുന്നത്. യേശുവിനെ ചേവകർ പിടിച്ചു മഹാപുരോഹിതന്മാരുടെ അടുക്കൽ കൊണ്ടു വന്നു. യേശുവിനെ അവർ മാറി മാറി വിചാരണ ചെയ്തു. ഒടുവിൽ നാടുവാഴിയായ പീലാത്തോസിനെ ഏൽപ്പിച്ചു യേശുവിനെ ശിക്ഷയ്ക്ക് വിധിച്ചു എന്ന് യൂദാ കണ്ടു. യൂദായ്ക്ക് ഒരു കാര്യം മനസ്സിലായി. ഇപ്രാവശ്യം താൻ ചിന്തിച്ചതു പോലെയല്ല അവർ യേശുവിനെ ക്രൂശിക്കുവാനാണ് വിധിച്ചത്. യൂദാ നോക്കിയപ്പോൾ എല്ലാം കൈവിട്ടുപോയി എന്ന് അവന് മനസ്സിലായി. യൂദാ അനുതപിക്കുവാൻ തുടങ്ങി. മനസാക്ഷിയുടെ ആക്ഷേപം നിമിത്തം തന്റെ ഹൃദയം കുത്തുവാൻ തുടങ്ങി, തന്റെ കണ്ണിൽ ഇരുട്ട് കയറുന്നതുപോലെ തോന്നി ഇതുവരെയും ഇല്ലാത്ത ഒരു മരവിപ്പ് മുന്നോട്ട് പോകുവാൻ കഴിയുന്നില്ല. തന്റെ കയ്യിലുള്ള മുപ്പത് വെള്ളിക്കാശ് മഹാപുരോഹിതന്മാരുടെയും മൂപ്പന്മാരുടെയും അടുക്കൽ കൊണ്ടുവന്നു. ഞാൻ കുറ്റമില്ലാത്തവനെ കാണിച്ച് കൊടുത്തതിനാൽ പാപം ചെയ്തു എന്ന് പറഞ്ഞു. ഈ പറഞ്ഞതെല്ലാം ഇവരോട് പറയാതെ ദൈവത്തോട് താൻ ഏറ്റു പറഞ്ഞിരുന്നു എങ്കിൽ ദൈവമായ കർത്താവ് അവന്റെ പാപത്തിന്റെ കടം ക്ഷമിച്ച് കൊടുക്കുമായിരുന്നു. പകരം മനുഷ്യനോട് പറഞ്ഞതിനാൽ നീ നിന്റെ കാര്യം നോക്കികൊൾക എന്ന് പറഞ്ഞ് ആ വെള്ളിക്കാശ് മന്ദിരത്തിൽ എറിഞ്ഞു.

അവൻ ചെന്ന് ഒരു മരത്തിൽ കയറി കെട്ടി ഞാന്ന് അവൻ നിലത്തുവീണപ്പോൾ കൂർത്ത ഒരു മരകുറ്റിപോലുള്ള ഒന്നിന്റെ മുകളിൽ വീണതിനായായിരിക്കാം കുടൽ തെറിച്ച് പോയത്. യേശു ക്രൂശിൽ മരിക്കുന്നതിന് മുൻപ് യൂദായുടെ അതിദാരുണമായ മരണം സംഭവിച്ച് കഴിഞ്ഞു.

ഇന്നും യേശുവിനെ അനുഗമിക്കുന്ന ആരെങ്കിലും ഉണ്ടെങ്കിൽ യഥാർത്ഥമായി പ്രതിഫലേച്ഛ കൂടാതെ യേശുവിനെ അനുഗമിക്കുക. യൂദായുടെ മനസ്സും, കാപട്യവും ഇല്ലാതെ നിഷ്കളങ്ക ഹൃദയത്തോട് യേശുവിനോട് ചേർന്ന് നടന്നാൽ ഇന്നുള്ള കഷ്ടതകൾ മാറി നിന്നെ മാനിക്കുന്ന ദിനങ്ങൾ അതുവിദൂരമല്ല. കർത്താവ് ഏവരെയും അനുഗ്രഹിക്കട്ടെ....ആമേൻ.



# നിങ്ങൾ എന്തു തരും

*പാസ്റ്റർ അനിൽ ജോൺ വണ്ടൂർ.*

**അ**ന്ന് പന്തിരുവരിൽ ഒരുത്തനായ യൂദാ ഇസ്ക്കരിയോത്താവ് മഹാപുരോഹിതന്മാരുടെ അടുക്കൽ ചെന്ന് നിങ്ങൾ എന്തു തരും? ഞാൻ അവനെ കാണിച്ചു തരാം. യേശുവിനോടൊപ്പം സന്തത സഹചാരിയായിരുന്ന യൂദ. യേശുവിന്റെ പതിനൊന്ന് ശിഷ്യന്മാർ ഹൃദയം യേശുവിന് നൽകി അവനോട് നിൽക്കുമ്പോൾ ഒരു പക്ഷേ യൂദായുടെ ഹൃദയം താൻ പൂർണ്ണമായും യേശുവിന് സമർപ്പിക്കാതെ ശരീരം കൊന്നു കള്ളനാകുന്നു. (യോഹനാനൻ12:6) മറ്റു പല സന്ദർഭങ്ങളിലും യൂദാ ഒഴിവ് കഴിവുകൾ പറയുന്നതായി കാണാൻ കഴിയുന്നു. ഒരു പക്ഷെ തന്റെ ഹൃദയം എപ്പോഴും എങ്ങനെ പണം സമ്പാദിക്കാം എന്ന ചിന്തയിൽ ആയിരിക്കാം. ഇന്നും യൂദായുടെ ചിന്താഗതിയുള്ളവർ പലരും നമ്മുടെയിടയിൽ കാണാം.

മഹാപുരോഹിതന്മാരുടെ ലക്ഷ്യം യേശുവിനെ തകർക്കുക(വകവരുത്തുക) എന്നതായിരുന്നു. യൂദാ അത് മനസ്സിലാക്കിയിട്ടാണ് മഹാപുരോഹിതന്മാരുടെ അടുക്കൽ ചെന്നു പറഞ്ഞത്. ഞാൻ അവനെകാണിച്ച് തരാം. കാരണം യേശുവിനോടൊപ്പം പന്ത്രണ്ട് ശിഷ്യന്മാർ നിൽക്കുമ്പോൾ യേശു ആരാണെന്ന് തിരിച്ചറിയാൻ കഴിയുന്നില്ല. എല്ലാവരുടെയും വസ്ത്രം ഒരുപോലെ ഇരിക്കുന്നു. ഇവർക്ക് ഒരു ഡ്രസ്കോഡ് ഇല്ലായിരുന്നു. മഹാപുരോഹിതന്മാരിൽ ഒരു സംസാരവിഷയമാണ് ഇവരിൽ ആരായിരിക്കും യേശു. ഇത് തിരിച്ചറിഞ്ഞ യൂദാ തക്കംപാർത്ത് രഹസ്യത്തിൽ മഹാപുരോഹിതന്മാരെ കാണുവാൻ രഹസ്യത്തിൽ പോകുന്നു. യേശുവിനെ കാണിച്ചുകൊടുക്കുവാനുള്ള യൂദാ വ്യഗ്രതയും, താൽപര്യം മഹാപുരോഹിത ഗണത്തെ വളരെ സന്തോഷിച്ചു. യേശുവിനെ കാണിച്ച് കൊടുത്താൽ മൂപ്പത് വെള്ളിക്കാശ് നൽകാം എന്നു പറഞ്ഞു.

സകല ചരാചരത്തെയും സൃഷ്ടിച്ച സൃഷ്ടി കർത്താവിന് ഭൂമിയ്ക്ക് അടിസ്ഥാനം ഇട്ടപ്പോൾ അളവ് നൂൽ പിടിച്ചവൻ. ആ കർത്താവ് ഭൂജാതനായപ്പോൾ സ്വർഗീയ സൈന്യത്തിലെ ഒര സംഘം ദൂതനോട് ചേർന്ന് ദൈവത്തെ പുകഴ്ത്തി. അത്യുന്നതങ്ങളിൽ ദൈവത്തിനു മഹത്വം; ഭൂമിയിൽ ദൈവപ്രസാദമുള്ള മനുഷ്യർക്ക് സമാധാനം.(ലൂക്കോസ് 2: 13,14) ദൈവത്തിന്റെ പുത്രനായ യേശുക്രിസ്തുവിന് സൃഷ്ടാവിന്റെ സൃഷ്ടിയായ മനുഷ്യൻ വിലമതിച്ചത് മുപ്പത് വെള്ളിക്കാശ് നൽകാം എന്ന് യെഹൂദാ മതാദ്ധ്യക്ഷന്മാർ സമ്മതിച്ചു. ഇതെല്ലാം പറഞ്ഞൊത്തതിനു ശേഷം ഒന്നും അറിയാത്തവനെപ്പോലെ യേശുവിന്റെ അടുക്കൽ അന്ത്യാത്താഴത്തിന് പെസഹാ അപ്പം കഴിക്കാൻ വന്ന യൂദാ താൻ സാധാരണ ഇരിക്കുന്ന ചങ്ങാതിമാരോട് ചേർന്ന് ഇരിക്കുമ്പോൾ. യേശു പറയുന്നു എന്റെ സമയം അടുത്തിരിക്കുന്നു. മത്തായി 26:18, യേശു ശിഷ്യന്മാരെ നോക്കി കൊണ്ട് പൊതുവായി പറയുന്നു. നിങ്ങളിൽ ഒരുത്തൻ എന്നെ കാണിച്ചു കൊടുക്കും. എന്ന് സത്യമായിട്ട് നിങ്ങളോട് പറയുന്നു. മത്തായി 26:21 അപ്പോൾ അവർ പതിനൊന്നു പേരും ദുഖിച്ചു ഓരോരുത്തൻ ഞാനോ,ഞാനോ കർത്താവേ എന്ന് പറഞ്ഞു തുടങ്ങി. എന്നിട്ടും യൂദായ്ക്ക് യാതൊരു സങ്കോചവും ഇല്ല. യോനാ കപ്പലിന്റെ അടിത്തട്ടിൽ സുഖമായി കിടന്നുറങ്ങുമ്പോൾ കപ്പലിലെ മറ്റ് യാത്രക്കാർ പ്രാണന് വേണ്ടി നിലവിളിക്കുന്നത് യോനാ അറിയുന്നില്ല. ഇതുപോലെ തന്നെയാണ് യൂദായും. യേശു ഇത് പറയുമ്പോഴും യൂദായുടെ മുഖത്തേയ്ക്ക് യേശു നോക്കുന്നുണ്ടാവും. അതേ ദൈവപൈതലേ നീ ഓരോ പാപം ചെയ്യുമ്പോഴും യേശു കാണുന്നുണ്ടെന്നുള്ള വിചാരം നിനക്ക് ഉണ്ടായിരിക്കണം. പാവം നിന്റെ വാതിൽക്കൽ കിടക്കുന്നു അതിന്റെ ആഗ്രഹം നിന്നോടാകുന്നു നീ അതിനെ കീഴടക്കേണം.

യേശു യൂദായുടെ മുഖത്തേയ്ക്ക്നോക്കിയപ്പോൾ യാതൊരു ഭാവഭേദം കാണാത്തതിനാൽ യേശു ഉത്തരം പറഞ്ഞത് എന്നോടു

തുടർച്ച 06പേജിൽ

# ആരാണ് നിന്റെ അയൽക്കാരൻ

അവൻ തന്നെത്താൻ നീതീകരിപ്പാൻ ഇച്ഛിച്ചിട്ട് യേശുവിനോട് എന്റെ കൂട്ടുകാരൻ ആർ എന്ന് ചോദിച്ചതിന് യേശു ഉത്തരം പറഞ്ഞത് (ലൂക്കോസ് 10:29)



പാസ്റ്റർ ഷിബു തോമസ്, ഒക്കലഹോമ.



തൊട്ടടുത്ത വീട്ടിൽ താമസിക്കുന്നവരിൽ നിന്ന് നാം പല സഹായങ്ങളും പ്രതീക്ഷിക്കുന്നു. അതുപോലെ നമ്മിൽ നിന്ന് അവർ പ്രതീക്ഷിക്കുന്നത് ഉത്തമ കാര്യങ്ങളാണ്. പലപ്പോഴും ചെറിയ വാക്കുകളാലും പ്രവർത്തികളാലും അയൽപക്കക്കാർ അയൽ രാജ്യക്കാരെക്കാൾ ദൂരത്തായിരിക്കുന്നു. കലഹങ്ങൾ സാധാരണ സംഭവങ്ങളായി മാറിയിരിക്കുന്നു. എന്നാൽ നോക്കൂ.......യേശു കർത്താവ് ഒരു നല്ല അയൽക്കാരനെക്കുറിച്ച് പറയുന്ന കാര്യങ്ങൾ. ലൂക്കോസ് 10-ാം അദ്ധ്യായം 30-ാം വാക്യം മുതൽ യേശു വിവരിക്കുന്ന നല്ല ശമര്യാക്കാരന്റെ കഥയിൽ നിറഞ്ഞു നിൽക്കുന്നത് ഒരു നല്ല അയൽക്കാരന്റെ ഗുണങ്ങളാണ്. പുരോഹിതനും, ലേവ്യനും (സഹായിക്കാൻ കടപ്പെട്ടവർ) മുറിവേറ്റവനെ കണ്ട് വഴിമാറിപ്പോകുമ്പോൾ യാതൊരു ബന്ധവുമില്ലാത്തവൻ- ഒരു ശമര്യാക്കാരൻ -കുലം നോക്കാതെ ജാതി-മത അതിർവരമ്പുകൾ ഗണ്യമാക്കാതെസഹായത്തിനായി മുന്നിട്ടിറങ്ങി. ഗുണപാഠങ്ങൾ (1)മനസ്സലിവ് (2) അടുക്കലേക്ക് ചെല്ലുക( അവർ വേണമെങ്കിൽ വരട്ടെ എന്നല്ല) (3) മുറിവുകളെ കെട്ടുക(വേദനകളെ മനസ്സിലാക്കി, പരിഹാരം കാണുക) (4) എണ്ണയും വീഞ്ഞും പകർന്നു(ദൈവസ്നേഹത്തിൽ നിറഞ്ഞ പ്രവർത്തികൾ, ആശ്വാസവാക്കുകൾ) (5)തന്റെ യാത്രാമൃഗത്തിന്റെ മുകളിൽ കയറ്റി( നാം അനുഭവിക്കുന്ന സൗകര്യങ്ങൾ പങ്കുവയ്ക്കുക) (6)വഴിയമ്പലത്തിൽ എത്തിച്ചു(സുരക്ഷിതത്വം ഉറപ്പുവരുത്തി) (7)മടങ്ങി വീട്ടിൽപ്പോയാലും ഓർക്കുവാൻ ചിലത് ഏൽപ്പിച്ചിട്ടുപോയി. അതേ ആവശ്യത്തിൽ ഉപകരിക്കുന്നവനാണ് യഥാർത്ഥ സ്നേഹിതൻ. നല്ല ശമര്യാക്കാരന്റെ ഗുണങ്ങൾ നിറഞ്ഞ ഒരു അയൽവാസിയായി നീ ജീവിക്കൂ. സമൂഹത്തിന്റെ മുഖച്ഛായ തന്നെ തിരുത്തി എഴുതുവാൻ നമുക്ക് സാധിക്കും. അതിനുള്ള കൃപകൾ ദൈവം നമുക്ക് നൽകി ആദരിക്കും.

പ്രാർത്ഥന:

യേശുവെ അങ്ങയുടെ സ്നേഹം ചൊരിയുന്ന ഒരു നല്ല അയൽപക്കക്കാരനായി ത്തീരുവാൻ എന്നെ സഹായിക്കേണമെ.....ആമേൻ.

# PCNAK മിയാമി : തീം സോങ്ങ് രചനകൾ ക്ഷണിക്കുന്നു.

2019 ജൂലൈ 4 മുതൽ 7 വരെ മയാമി എയർപോർട്ട് കൺവൻഷൻ സെന്ററിൽ നടക്കുന്ന 37 മത് പി സി എൻ എ കെ കോൺഫ്രൻസിനായുള്ള തീം സോങ്ങ് രചനകൾ ക്ഷണിക്കുന്നു. 'ദൈവത്തിന്റെ അത്യന്ത ശക്തി നമ്മുടെ മൺകൂടാരങ്ങളിൽ' എന്ന ചിന്താവിഷയത്തെ ആസ്പദമാക്കി വേണം വരികൾ തയ്യാറാക്കുവാൻ. രചനകൾ Mp3, pdf ഫോർമാറ്റിൽ നാഷണൽ സെക്രട്ടറിയുടെ ഈമെയിൽ വിലാസത്തിൽ (Email : secretary@pcnakmiami.org) അയക്കേണ്ടതാണെന്നു മ്യൂസിക് കോർഡിനേറ്റേഴ്സുമായ സാജൻ തോമസ്, സാബി കോശി എന്നിവർ അറിയിച്ചു.

രചനകൾ സമർപ്പിക്കേണ്ട അവസാന തിയതി മാർച്ച് 30 ആണ്. രജിസ്ട്രേഷനും വിശദ വിവരങ്ങൾക്കും www.pcnakmiami.org സന്ദർശിക്കുക

# 'അരോമ – 2019' പി വൈ പി എ യുവജനക്യാമ്പ് ഏപ്രിൽ 14–17 വരെ

നെന്മാറ പേഴുംപാറ ബത്‌ലഹേം കമ്യൂണിറ്റി ഇംഗ്ലീഷ് മീഡിയം സ്കൂളിൽ വെച്ച് ഏപ്രിൽ 14 മുതൽ 17 വരെ പിവൈപിഎ പാലക്കാട് മേഖലയുടെ 2-മത് യുവജന ക്യാമ്പ് 'അരോമ-2019' എന്ന പേരിൽ നടത്തപ്പെടുന്നു. പാസ്റ്റർമാരായ ഡോ. എബി പി മാത്യു, സിബി മാത്യു, ഷിബിൻ ജി ശാമുവേൽ, ജോ തോമസ് എബ്രഹാം എന്നിവർ ദൈവവചനം പ്രസംഗിക്കും. കുട്ടികൾക്കായി പ്രത്യേക മീറ്റിംഗുകൾ ഉണ്ടായിരിക്കും. ക്വയർ ടീം ഗാന ശുശ്രൂഷയ്ക്ക് നേതൃത്വം നൽകും. ഗ്രൂപ്പ് ഡിസ്കഷൻ, ടാലന്റ് നൈറ്റ്, കൗൺസിലിംഗ്, ഗെയിംസ്, ബൈബിൾക്ലാസ് എന്നിവ ഉണ്ടായിരിക്കും. വിശദ വിവരങ്ങൾക്ക് : 8606556907




## ഡോ. ആനിപോൾ ലെജിസ്ലേറ്ററിലെ മജോറിട്ടി ലീഡർ.

ന്യൂയോർക്ക്: ന്യൂയോർക്ക് സ്റ്റേറ്റിലെ ആദ്യത്തെ ഇന്ത്യൻ വനിതാ ലെജിസ്ലേറ്ററായി റോക്ക് ലാൻഡ് കൗണ്ടി തിരഞ്ഞെടുത്തു. കഴിഞ്ഞ ഏഴ് വർഷത്തെ ഉത്തമമായ പ്രവർത്തനവും സേവനസന്നദ്ധതയും വിലയിരുത്തിയാണ് മൂന്നാംപ്രാവശ്യവും തിരഞ്ഞെടുത്തതെന്ന് പാർട്ടിവൃത്തങ്ങൾ അറിയിച്ചു. ഇത് യുഎസ് ഇന്ത്യൻ സമൂഹത്തിന് ഏറെ അഭിമാനം നൽകുന്ന ഒന്നാണ്. തിരുവനന്തപുരത്ത് ഓഖി ദുരന്തത്തിന് ഇരയായവരുടെ വീടുകൾ ഡോ. ആനിപോൾ സന്ദർശിക്കുകയും അവർക്ക് ധനസഹായം നൽകുകയും ചെയ്തു. മുൻ ഇന്ത്യൻ പ്രധാനമന്ത്രി ഇന്ദിരാഗാന്ധിയിൽ നിന്ന് മികച്ചനേഴ്സിനുള്ള അവാർഡും ഡോ. ആനിപോൾ കരസ്ഥമാക്കിയിട്ടുണ്ട്.



## അതിർത്തിമതിലിന് തടയിട്ടത് യു.എസ് ഹൗസ്



വാഷിംഗ്ടൺ ഡി.സി: മെക്സിക്കോ യുഎസ് അതിർത്തിമതിൽ പണിയുന്നതിനായി അവതരിപ്പിച്ച പ്രമേയത്തിന്മേൽ ഫെബ്രുവരി 26ന് നടന്ന വോട്ടെടുപ്പിൽ 245 പേർ എതിരായി വോട്ട് രേഖപ്പെടുത്തിയും 182 പേർ അനുകൂലിച്ചും ഡെമോക്രാറ്റിക്ക് പാർട്ടിയിലെ 232 അംഗങ്ങളും റിപ്പബ്ലിക്ക് പാർട്ടിയിലെ 13 പേരും പ്രമേയത്തെ അനുകൂലിച്ചു. ഇരുപാർട്ടികളിലെയും ഇരുവർ വീതം വോട്ടിങ്ങിൽ നിന്ന് വിടുന്നു. ട്രമ്പിന്റെ തിരഞ്ഞെടുപ്പ് വാഗ്ദത്തങ്ങളിൽ പ്രാധാന്യം അർഹിക്കുന്ന ഒന്നാകയാൽ ട്രമ്പ് അത് നടപ്പാക്കും എന്ന് വ്യക്തമാക്കിയിട്ടുണ്ട്. അത് പ്രസിഡന്റിൽ മാത്രം നിക്ഷിപ്തമായിരിക്കുന്ന വീറ്റോ പവർ ഉപയോഗിച്ചെങ്കിലും മതിൽ പൂർത്തീകരിക്കും എന്നു തന്നെയാണ് യുഎസ് ജനത ഇതിനെ നോക്കിക്കാണുന്നത്.

## എച്ച് 1ബി വിസ എക്സ്റ്റഷൻ ഏറ്റവുമധികം നിരസിക്കപ്പെട്ടത് ഇന്ത്യൻ ഐ. ടി കമ്പനികൾക്ക്.




ബെംഗ്ലൂരു: അമേരിക്കൻ ടെക്നോളജി കമ്പനികൾക്ക് അനുകൂലമാകുന്ന വിധത്തിൽ ട്രമ്പ് ഭരണകൂടം എച്ച് 1ബി വിസ പ്രോഗ്രാം കർശനമാക്കുവാൻ നടത്തുന്ന നീക്കങ്ങൾ ഏറ്റവുമധികം ബാധിക്കുന്നത് ഇന്ത്യൻ ഐ.ടി കമ്പനികളെയാണ്. 2018 ൽ എച്ച് 1ബി വിസയുടെ എക്സ്റ്റൻഷനു നൽകിയ അപേക്ഷകൾ ഏറ്റവുമധികം നിരസിക്കപ്പെട്ടത് ടാറ്റാ കൺസൾട്ടൻസി സർവ്വീസ്, ഇൻഫോസിസ്, കോഗ്നിസാന്റ് എന്നീ ഐ.ടി കമ്പനികൾക്കാണ്. സാധാരണ എച്ച് 1 ബി വിസ മൂന്നു വർഷത്തേക്കാണ് അനുവദിക്കുന്നതെങ്കിലും എക്സ്റ്റൻഷന് അപേക്ഷിച്ചാൽ അത് മൂന്ന് വർഷത്തേയ്ക്ക് കൂടി നീട്ടി നൽകാറുണ്ട്.

ഇന്ത്യൻ ഐടി കമ്പനികളായ ഇൻഫോസിസ്, ടി.സി.എസ് എന്നിവയ്ക്ക് യഥാക്രമം 2042, 1744 അപേക്ഷകളാണ് നിരസിക്കപ്പെട്ടതെന്ന് യു.എസ് തിങ്ക് ടാങ്കായ സെന്റർ ഫോർ ഇമിഗ്രേഷൻ സ്റ്റഡീസ് വെളിപ്പെടുത്തി. കോഗ്നിസാന്റ് അമേരിക്ക ആസ്ഥാനമായുള്ള കമ്പനിയാണെങ്കിലും അവരുടെ ഭൂരിഭാഗം ജീവനക്കാരും ഇന്ത്യയിലാണ്. ഏറ്റവുമധികം അപേക്ഷകൾ നിരസിക്കപ്പെട്ടത് അവർക്കാണ് 3548. എക്സ്റ്റൻഷനു നൽകിയ അപേക്ഷകളിൽ മൂന്നിൽ രണ്ടും നിരസിക്കപ്പെട്ടത് ഇന്ത്യൻ കമ്പനികളായ ടി.സി.എസ്, ഇൻഫോസിസ്, വിപ്രോ, കോഗ്നിസാന്റ്, ടെക്മഹീന്ദ്ര, എച്ച്.സി.എൽ ടെക്നോളജീസ് എന്നീ കമ്പനികൾക്കാണ്. ഈ ആറ് ഇന്ത്യൻ കമ്പനികൾക്ക് കൂടി ലഭിച്ചത് 2145 വിസകളാണ്. അതേസമയം ആമസോണിനു മാത്രം ലഭിച്ചത് 2399 വിസകളാണ്. അമേരിക്കൻ കമ്പനികളായ മൈക്രോസോഫ്റ്റ്, ആമസോൺ, ആപ്പിൾ തുടങ്ങിയ എച്ച്1 വിസകളുടെ കാര്യത്തിൽ വർധന രേഖപ്പെടുത്തിയപ്പോൾ ഇന്ത്യൻ ഐടി കമ്പനികൾ കനത്ത വെട്ടിക്കുറവിന് വിധേയമായി.

Available on the iPhone App Store
ANDROID APP ON Google play



എൻടൈം ന്യൂസ്
theendtimenews.com

## യാഗങ്ങൾ, ഉത്സവങ്ങൾ - ഒരു ധ്യാനാത്മക പഠനം.



ഒരു തുടർപഠനം... 1



# യാഗസമാനമായ സമർപ്പണം

ദൈവസൃഷ്ടിയുടെ മകുടമായ മനുഷ്യനു മാത്രമുള്ള നൈസർഗ്ഗിക സവിശേഷതയാണ് ആരാധന എന്നത്. അതുകൊണ്ട് എക്കാലത്തുമുള്ള മനുഷ്യൻ ദൈവത്തെ ആരാധിച്ചുവരുന്നു. എന്നാൽ ദൈവവ്യവസ്ഥ പ്രകാരമുള്ള ആരാധന അർപ്പിക്കുന്നവർ ചുരുക്കം പേർ മാത്രം.

ചിലർക്ക് ദൈവത്തെക്കുറിച്ചുള്ള അറിവ് വളരെ പരിമിതമാണ്. പ്രപഞ്ചത്തിലൂടെയും, ദൈവവചനമായ വിശുദ്ധ ബൈബിളിലൂടെയും ദൈവത്തിന്റെ പ്രത്യേക വെളിപ്പാടായ യേശുക്രിസ്തുവിലൂടെയും ദൈവത്തെയും ദൈവപ്രവർത്തികളെയും വെളിപ്പെടുത്തിയിരിക്കുന്നു. ദൈവത്തിന്റെ നിത്യശക്തിയും ദിവ്യത്വവുമായി അവന്റെ അദൃശ്യലക്ഷണങ്ങൾ ലോകസൃഷ്ടിമുതൽ അവന്റെ പ്രവർത്തികളാൽ ബുദ്ധിക്കു തെളിവായി വെളിപ്പെട്ടുവരുന്നു. എന്നാൽ ദൈവത്തെ അറിഞ്ഞിട്ടും അവനെ ദൈവമെന്ന് ഓർത്തു നന്ദി കാണുക്കുകയോ മഹത്വീകരിക്കുകയോ ചെയ്യാതെ തങ്ങളുടെ വ്യർത്ഥമായ നിരൂപണങ്ങളാൽ അക്ഷയനായ ദൈവത്തിന്റെ തേജസ്സിനെ ക്ഷയമുള്ള മനുഷ്യൻ, പക്ഷി, നാൽക്കാലി, ഇഴജാതി എന്നിവയുടെ രൂപസാദൃശ്യമായി മാറ്റിക്കളഞ്ഞു. ദൈവത്തെ പരിജ്ഞാനത്തിൽ ധരിപ്പാൻ ഇഷ്ടമില്ലാത്ത മനുഷ്യർ അശുദ്ധിയിലും അവമാനരാഗങ്ങളിലും നികൃക്ടബുദ്ധിയിലും ഏൽപ്പിക്കപ്പെട്ടു. അങ്ങനെ വിഗ്രഹാരാധനയും അതോടനുബന്ധിച്ചുള്ള ഉത്സവങ്ങളും ആചാരാനുഷ്ഠാനങ്ങളും കേവലം ജഢീക തൃപ്തിക്കുവേണ്ടിയുള്ള ചടങ്ങുകളായി മാറി. ഇന്ന് ആരാധന എന്ന പേരിൽ ക്രൈസ്തവ ഇതര സമൂഹങ്ങളിൽ പലതും  നടക്കുന്നുണ്ടെങ്കിലും അവയെല്ലാം ദൈവപ്രസാദം ലഭിക്കുന്ന ആരാധനയാണ് എന്നു പറയാൻ കഴിയാത്ത സ്ഥിതിയാണ്. വിഗ്രഹാരാധന കല്പനാ ലംഘനവും ദൈവം വെറുക്കുന്ന പാപവുമാണ്. പഴയനിയമ വ്യവസ്ഥ പ്രകാരം ഒരു വ്യക്തി ദൈവത്തെ ആരാധിക്കണമെങ്കിൽ യാഗം കഴിച്ച് ദൈവത്തോട് ഉടമ്പടി ചെയ്യണമായി

തുടർച്ച 11പേജിൽ

തുടർച്ച 10പേജിൽ

രുന്നു.(സങ്കീർത്തനം 50:5) ആദിമമനുഷ്യൻ ദൈവത്തോടുള്ള സഖിത്വത്തിൽ വസിച്ച നാളുകൾ വളരെ ചുരുക്കമായിരുന്നു. പാപത്താൽ പറുദീസയിൽ നിന്നും പുറത്താക്കപ്പെട്ട ആദമിനും ഹവ്വയ്ക്കും വേണ്ടി ദൈവം തോൽകൊണ്ട് ഉടുപ്പുണ്ടാക്കി അവരെ ധരിപ്പിച്ചതായി നാം വായിക്കുന്നു. അതിന്റെ പിന്നിൽ ഒരു മൃഗം കൊല്ലപ്പെടണമായിരുന്നു. ആദാമ്യ സന്തതികളായ കയീനും ഹാബേലും ദൈവത്തെ ആരാധിച്ചപ്പോൾ ഹാബേൽ ആട്ടിൻകൂട്ടത്തിലെ കടിഞ്ഞൂലുകളിൽ നിന്ന് ഏറ്റവും ശ്രേഷ്ഠമായതിനെത്തന്നെ ദൈവത്തിനു യാഗമർപ്പിച്ചു. അതു ദൈവത്തിനു പ്രസാദമായി. അതിനു കാരണം ഹാബേൽ ദൈവവ്യവസ്ഥ പ്രകാരമുള്ള യാഗമർപ്പിച്ചു എന്നതാണ്. എന്നാൽ കയീനിലും അവന്റെ വഴിപാടിലും ദൈവം പ്രസാദിച്ചില്ല. കയീൻ രക്തരഹിത യാഗമാണ് അർപ്പിച്ചത്. പാപത്തിനു പരിഹാരം ഉണ്ടാകേണ്ടത് രക്തസഹിതമായ യാഗത്തിലൂടെയാണ്. കയീൻ ദൈവവ്യവസ്ഥ ലംഘിച്ചതിനാലാണ് ദൈവപ്രസാദം ലഭിക്കാതെ പോയത്. അതിനാൽ അവൻ നികൃഷ്ടബുദ്ധിയിൽ ഏൽപ്പിക്കപ്പെട്ടു. ആദ്യത്തെ സഹോദരഘാതകനായി ത്തീർന്നു.

മിസ്രയീമ്യ അടിമത്വത്തിൽ കഴിഞ്ഞിരുന്ന യിസ്രായേൽ ജനത്തെ വീണ്ടെടുക്കുവാൻ ഓരോ ഭവനത്തിലും വേണ്ടി ഊനമില്ലാത്ത ആട്ടിൻകുട്ടി അറുക്കപ്പെടണമായിരുന്നു. ചരിത്രപ്രാധാനമുള്ള ഏറ്റവും വലിയ പുറപ്പാടായിരുന്നു യിസ്രായേലിന്റേത്. മിസ്രയീമിലെ കടിഞ്ഞൂലുകളെ മുഴുവൻ സംഹരിച്ച വലിയ ബാധയിൽ നിന്നും രക്ഷപ്പെടുവാനുള്ള ഒരേയൊരു മാർഗ്ഗമായിരുന്നു അറുക്കപ്പെട്ട കുഞ്ഞാടിന്റെ രക്തം തങ്ങൾ പാർക്കുന്ന വീടുകളുടെ കട്ടിളക്കാലിന്മേലും കുറുമ്പടിമേലും പുരട്ടുക എന്നുള്ളത്. ആ നിലയിൽ വീണ്ടെടുപ്പ് ലഭിച്ച ജനം വലിയ സന്തോഷത്തോടും ഉത്സാഹത്തോടും കൂടെ കനാനിലേക്കുള്ള യാത്ര ആരംഭിച്ചു. അതിന്റെ ഓർമ്മയ്ക്കായിട്ടാണ് യിസ്രായേൽ ഇന്നും പെസഹ ആചരിക്കുന്നത്. അവരുടെ ജീവിതത്തിൽ ഒരിക്കലും മറക്കാൻ കഴിയാത്ത അനുഭവമാണിത്. തുടർന്ന് അവൻ എപ്പോൾ ദൈവ സന്നിധിയിൽ ചെല്ലണമെങ്കിലും ഒരു യാഗം ആവശ്യമായിരുന്നു.

ദൈവം പരിശുദ്ധനും മനുഷ്യൻ പാപിയുമാകയാൽ ദൈവമുമ്പിൽ നിൽപ്പാൻ അവൻ അയോഗ്യനാണ്. എന്നാൽ യാഗം കഴിച്ചു ദൈവത്തോടു നിയമം ചെയ്യുന്നതിനാൽ അവൻ യോഗ്യനായിത്തീരുന്നു. എന്നാൽ അതു അൽപ്പസമയത്തേയ്ക്ക് മാത്രമാണ്. വീണ്ടും പാപം ചെയ്യുന്നതിനാൽ യാഗങ്ങൾ കൂടെക്കൂടെ അർപ്പിക്കേണ്ടിയിരുന്നു. ഇങ്ങനെ ആരാധനയക്കായും സമർപ്പണത്തിനായും അർപ്പിക്കേണ്ടിയിരുന്ന യാഗങ്ങൾ പ്രധാനമായും അഞ്ച് ആയിരുന്നു.അവ യഥാക്രമം ഹോമയാഗം, ഭോജനയാഗം, സമാധാന യാഗം, പാപയാഗം, അകൃത്യയാഗം എന്നിവയാണ്. ഇവയെ സൗരഭ്യവാസനയായ യാഗം എന്നും സൗരഭ്യവാസനയല്ലാത്ത യാഗം എന്നും രണ്ടായി തിരിച്ചിരിക്കുന്നു. ഹോമയാഗം, ഭോജനയാഗം, സമാധാന യാഗം എന്നിവ ക്രിസ്തു ദൈവത്തിനു സൗരഭ്യവാസനയായ വഴിപാടും യാഗവുമായിത്തീർന്നതിനെ കുറിക്കുന്നു. പാപയാഗവും, അകൃത്യയാഗവും ക്രിസ്തു നമുക്കു വേണ്ടി പ്രായശ്ചിത്തയാഗമായിത്തീർന്നതിനെയാണ് സദൃശീകരിക്കുന്നത്. ഈ യാഗങ്ങളെല്ലാം തന്നെ ക്രിസ്തുവിന്റെ യാഗത്തിനു നിഴലായിരിക്കുന്നു. ദൈവത്തോടുള്ള സ്നേഹവും നന്ദിയും നിമിത്തം സ്വമേധയാ കഴിക്കുന്ന യാഗങ്ങളാണ് സൗരഭ്യവാസനാ യാഗങ്ങൾ. ഇത് ആരാധനയുടെ വ്യക്തമായ ചിത്രമാണ്. എന്നാൽ പാപയാഗവും അകൃത്യയാഗവും നിർബന്ധമായും അർപ്പിച്ചിരിക്കണം. പിതാവിനോടുള്ള അനുസരണവും സ്നേഹവും നിമിത്തം ക്രിസ്തു നമുക്കു വേണ്ടി യാഗമായിത്തീർന്നെങ്കിൽ പാപയാഗത്തിലും അകൃത്യയാഗത്തിലും ക്രിസ്തു നമ്മുടെ സ്ഥാനത്തു നിന്നുകൊണ്ടു പ്രായശ്ചിത്ത യാഗമായിത്തീരുകയായിരുന്നു. ഈ യാഗങ്ങളും അതിനോടനുബന്ധിച്ച വ്യവസ്ഥകളും രേഖപ്പെടുത്താൻ ബൈബിളിൽ ഒരു പുസ്തകം തന്നെ മാറ്റിവച്ചിരിക്കുന്നു എന്നുള്ളതു യാഗങ്ങളുടെ പ്രാധാന്യത വ്യക്തമാക്കുന്നു. അവ ഓരോന്നും ഏതുദ്ദേശത്തോടെ എപ്രകാരം നിർവ്വഹിക്കപ്പെടണമെന്നും അവയുടെ ആത്മീയാർത്ഥം പുതിയ നിയമ വെളിച്ചത്തിൽ എന്താണ് എന്നും ചുവടെ ചേർക്കട്ടെ.

# ഡാളസിൽ കയാക്കിംഗിനിടെ ബോട്ട് മറിഞ്ഞ് മലയാളി വിദ്യാർത്ഥി മുങ്ങിമരിച്ചു;



ഡാളസ്: ലേക്ക് റേ ഹുബാർഡ് തടാകത്തിൽ കൂട്ടുകാർക്കൊപ്പം കയാക്കിംഗ് നടത്തുന്നതിനിടെ ബോട്ട് മറിഞ്ഞ്മലയാളി വിദ്യാർത്ഥി മരിച്ചു. യൂണിവേഴ്സിറ്റി ഓഫ് ടെക്സസ് അറ്റ് ഡാളസിൽ മാസ്റ്റേഴ്സ് ചെയ്തു കൊണ്ടിരുന്ന ലിന്റോ ഫിലിപ്പിനാണ്(23) ദാരുണ അപകടമുണ്ടായത്. ചെങ്ങന്നൂർ പെണ്ണക്കര പുതുപ്പറമ്പിൽ പി.എം. ഫിലിപ്പ്(ദുബായ്) സൂസൻ ദമ്പതികളുടെ മകനാണ് ലിന്റോ. സഹോദരൻ ലിൻജോ മാതാപിതാക്കൾക്കൊപ്പം ദുബായിൽ ജോലി ചെയ്യുന്നു. ഫെബ്രുവരി 23 ശനിയാഴ്ച ഉച്ചകഴിഞ്ഞ് തടാകത്തിൽ ബോട്ട് കയാക്കിംഗ് നടത്തുന്നതിനിടെ ശക്തമായ കാറ്റിൽ ലിന്റോ ഉൾപ്പെടെ മൂന്നു പേരുടെ ബോട്ടുകൾ കീഴ്മേൽ മറിയുകയായിരുന്നു. തടാകത്തിൽ മത്സ്യബന്ധനം നടത്തിയിരുന്നവർ ഇവരെ ബോട്ടിൽ രക്ഷപ്പെടുത്തി കരയിൽ എത്തിച്ച ശേഷം പ്രാഥമിക ശുശ്രൂഷ നൽകി. ഉടൻ തന്നെ സ്ഥലത്തെത്തിയ രക്ഷാപ്രവർത്തകർ ഇവരെ ആശുപത്രിയിൽ എത്തിച്ചെങ്കിലും ലിന്റോയുടെ രക്ഷിക്കാനായില്ല. മറ്റു രണ്ടുപേരെ പ്രാഥമിക ചികിത്സ നൽകി വിട്ടയച്ചു. ജനുവരി നാലിനാണ് ഉന്നത വിദ്യാഭ്യാസത്തിനായി ലിന്റോ ഡാളസിൽ എത്തിയത്. സ്കൂൾ വിദ്യാഭ്യാസം ദുബായിൽ നടത്തിയ ലിന്റോ ചെന്നൈയിലാണ് എൻജിനിയറിംഗ് പഠിച്ചത്. മൃതദേഹം വ്യാഴാഴ്ച കേരളത്തിലേക്ക് കൊണ്ടുപോകും.

# 'അരോമ – 2019' പി വൈ പി എ യുവജനക്യാമ്പ് ഏപ്രിൽ 14–17 വരെ

നെന്മാറ പേഴുംപാറ ബത്‌ലഹേം കമ്യൂണിറ്റി ഇംഗ്ലീഷ് മീഡിയം സ്കൂളിൽ വെച്ച് ഏപ്രിൽ 14 മുതൽ 17 വരെ പിവൈപിഎ പാലക്കാട് മേഖലയുടെ 2-മത് യുവജന ക്യാമ്പ് 'അരോമ-2019' എന്ന പേരിൽ നടത്തപ്പെടുന്നു. പാസ്റ്റർമാരായ ഡോ. എബി പി മാത്യു, സിബി മാത്യു, ഷിബിൻ ജി ശാമുവേൽ, ജോ തോമസ് എബ്രഹാം എന്നിവർ ദൈവവചനം പ്രസംഗിക്കും. കുട്ടികൾക്കായി പ്രത്യേക മീറ്റിംഗുകൾ ഉണ്ടായിരിക്കും. ക്വയർ ടീം ഗാനശുശ്രൂഷയ്ക്ക് നേതൃത്വം നൽകും. ഗ്രൂപ്പ് ഡിസ്കഷൻ, ടാലന്റ് നൈറ്റ്, കൗൺസിലിംഗ്, ഗെയിംസ്, ബൈബിൾക്ലാസ് എന്നിവ ഉണ്ടായിരിക്കും. വിശദ വിവരങ്ങൾക്ക് : 8606556907

THE ENDTIME NEWS

എൻഡ്ടൈം ന്യൂസ്

Available on the iPhone App Store

ANDROID APP ON Google play

# the END TIME NEWS
VOICE OF HARVESTING SOULS MISSION

USA
PO.box 125
Wheat land,6920.5.m manin st
Wheat land Oklahoma
box zip code-73097
PH-(405) 745-786(H)
Mob-001(405)778-4341(Wats App)

Reg no :
TVM/TC/1717/2014
Established :USA
Published from :
India, Kerala, TVM


## ഹൃദയമിടിപ്പുള്ള കുഞ്ഞിന്റെ ഗർഭഛിദ്ര നിരോധന നിയമം ടെന്നിസ്സി പാസ്സാക്കി.



നാഷ്‌വില്ല: ഗർഭഛിദ്രം പൂർണ്ണമായും നിരോധിക്കണമെന്നതിന്റെ ആദ്യപടിയായി ഹൃദയമിടിപ്പു തുടങ്ങിയ കുഞ്ഞിന്റെ ഗർഭഛിദ്രം ഒഴിവാക്കുന്ന നിയമത്തിന് ടെന്നിസി സ്റ്റേറ്റ് ഹൗസിന്റെ അംഗീകാരം.

റിപ്പബ്ലിക്കൻ അംഗങ്ങൾ തയ്യാറാക്കിയ ബിൽ മാർച്ച് 7 വ്യാഴാഴ്ച 21 ന് എതിരെ 65 വോട്ടുകളായാണ് പാസ്സാക്കിയത്. ഗർഭസ്ഥ ശിശുവിന്റെ വധം യാതൊരു വിധത്തിലും അംഗീകരിക്കാനില്ല. ബിൽ സഭയിൽ അവതരിപ്പിച്ചു കൊണ്ടു സ്റ്റേറ്റ് ഹൗസ് റിപ്പബ്ലിക്കൻ പ്രതിനിധി മൈക്ക് വാൻ എസ്സ പറഞ്ഞു. ഏതു ഘട്ടത്തിലായാലും മനുഷ്യ ജീവൻ സംരക്ഷിക്കപ്പെടുന്നു എന്ന് ഉറപ്പിക്കേണ്ടതു നമ്മുടെ ഉത്തരവാദിത്വം ആണ്. പ്രത്യേകിച്ചു നിരപരാധിയായ ഗർഭസ്ഥശിശുക്കളുടെ റിപ്പബ്ലിക്കൻ മാത്യു ഹിൽ ബില്ലിനു പിന്തുണ പ്രഖ്യാപിച്ചു അറിയിച്ചു. സെനറ്റ് പാസ്സാക്കിയാൽ ഈ ബില്ലിൽ ഒപ്പിടുമെന്ന് ഗവർണർ ബിൽ ലീ പറഞ്ഞു. സംസ്ഥാനത്ത് ഗർഭഛിദ്രത്തിന്റെ എണ്ണം കുറയ്ക്കുന്നതിനു സഭ സ്വീകരിക്കുന്ന ഏതു തീരുമാനത്തിനും എന്റെ പിന്തുണ ഉറപ്പാണെന്നും ഗവർണർ പറഞ്ഞു. ഗർഭഛിദ്രത്തിനെതിരെ പ്രസിഡന്റ് ട്രംപ് ശക്തമായ നിലപാടാണ് സ്വീകരിച്ചിരിക്കുന്നത്. റിപ്പബ്ലിക്കൻ പാർട്ടിയും പ്രസിഡന്റിന്റെ നിലപാടിനെ സ്വാഗതം ചെയ്തു.

## ഡബ്ലിയുഎംഎം സംസ്ഥാന കൺവൻഷൻ ഏപ്രിൽ 25– 28 വരെ

വേൾഡ് വൈഡ് മിഷനറി മൂവ്മെന്റ് 2 മത് സംസ്ഥാന കൺവൻഷൻ ഏപ്രിൽ 25 മുതൽ 28 വരെ കുമളി ഹോളിഡേ ഹോമിൽ നടക്കും. ഓവർസീയർ പാസ്റ്റർ വി റ്റി ജോസഫ് ഉദ്ഘാടനം ചെയ്യും. പാസ്റ്റർമാരായ സാം ജേക്കബ്, ബാബുക്കുട്ടി ശാമുവേൽ, സാമുവേൽ ജപരാജ്, വി വി ചാക്കോ, ഫിലിപ്പുകുട്ടി, അനീഷ് കാവാലം, കുമാർ ഡേവിഡ്, കുഞ്ഞുമോൻ മാത്യൂ, ആർ രാജൻ എന്നിവർ പ്രസംഗിക്കും. ഡബ്ലിയു എംഎം ക്വയർ ഗാനങ്ങൾ ആലപിക്കും. സൺഡേ സ്കൂൾ– യൂത്ത് മൂവ്മെന്റ് വാർഷികം, സഹോദരിസമാജം വാർഷികം, പൊതുസഭായോഗം എന്നിവ ഉണ്ടായിരിക്കും.

## 49 – മത് ആരാവലി കൺവൻഷൻ ഏപ്രിൽ 4 – 7 വരെ

മാക്കഡ്ദേവ് ഫിലാഡൽഫിയ കാമ്പസ്സിൽ വെച്ച് 49 മത് ആരാവലി കൺവൻഷൻ ഏപ്രിൽ 4 മുതൽ 7 വരെ നടക്കും. മുഖ്യ പ്രാസംഗീകർ റവ. സഞ്ജയ് മസീഹ് (ഛത്തീസ്ഗഡ്) പാസ്റ്റർ തോംസൺ തോമസ് (കേരളം) ഡോ. പോൾ മാത്യൂസ് (ഉദയപൂർ) എന്നിവരാണ്. പാസ്റ്റർ നീൽകണ്ട്, പാസ്റ്റർ അയൂബ് എന്നിവർ ഗാനശുശ്രൂഷയ്ക്ക് നേതൃത്വം നൽകും.







printed,published and owned by harvestingsoulsmission,chief editor Baiju Yacob



Share on